**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 2081**

**11.06.2018 ൽ**
**മറുപടിക്ക്**

## വനിത പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അടൂർ പ്രകാശ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) വനിത പോലീസ് സ്റ്റേഷനുകൾ താലൂക്ക് അടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; ഇതിനകം എത്ര താലൂക്കുകളിൽ പ്രസ്തുത പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്; | എ) ഈ വിഷയം സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |
| ബി) വനിത ഐ.ആർ. ബറ്റാലിയൻ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | ബി) വനിതാ ഇന്ത്യാ റിസർവ് ബറ്റാലിയൻ രൂപീകരിക്കുന്നതിനുള്ള ഒരു ശുപാർശ സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |
| സി) സംസ്ഥാന പോലീസിൽ വനിതാ പ്രാതിനിധ്യം 15 ശതമാനമായി ഉയർത്തുന്നതിന്റെ ഭാഗമായി ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; | സി) പോലീസ് സേനയിലെ വനിതകളുടെ പ്രാതിനിധ്യം ഉയർത്തുന്നതിന്റെ ഭാഗമായി 30.01.2017 ലെ സ.ഉ(കൈ) നം. 15/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ആദ്യമായി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പുതുതായി സൃഷ്ടിക്കുന്ന പുരുഷ പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്ന സമയത്ത് ആയതിന്റെ 15% വനിതകൾക്കായി നീക്കി വയ്ക്കുന്നുണ്ട്. |
| ഡി) വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ എത്ര പുതിയ തസ്തികകൾ ഇതിന്റെ ഭാഗമായി അനുവദിച്ചു എന്നറിയിക്കാമോ? | ഡി) പുതുതായി രൂപീകരിച്ച വനിതാ ബറ്റാലിയനിൽ കമാണ്ടന്റ്-1, വനിതാ പോലീസ് ഹവിൽദാർ-20, വനിതാ പോലീസ് കോൺസ്റ്റബിൾ -380 തുടങ്ങിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ